(ഡി) കെ.എസ്.ആർ.ടി.സി.യിൽ വിദ്യാഭ്യാസ യോഗ്യതയ്ക്കനുസൃത മായല്ല പ്രൊമോഷൻ നൽകുന്നത്. ഇന്നത്തെ മോശമായ സാമ്പത്തിക സ്ഥിതി മൂലം പുതിയ ബാദ്ധ്യതകൾ ഏറ്റെടുക്കുന്നത് നിർവ്വാഹമില്ല.

(ഇ) 6:1 എന്ന റേഷ്യോയിൽ

(എഫ്) ഇല്ല. ടൈപ്പിസ്റ്റു വിഭാഗത്തിൽ സൂപ്പർവൈസറി തസ്തിക യാണ് ഫെയർകോപ്പി സൂപ്രണ്ട്, ടൈപ്പിംഗ് ജോലി ചെയ്യുന്ന ഇവരെക്കൂടി ഉൾപ്പെടുത്തി സീനിയർ ഗ്രേഡ് നൽകുവാൻ കഴിയുന്നതല്ല.

(ജി) 5500-11700 എന്ന ശമ്പള സ്കെയിലിൽപ്പെടുന്ന സൂപ്പർവൈസറി വിഭാഗമായിത്തന്നെയാണ് ഇവരെ കണക്കാക്കുന്നത്.

(എച്ച്) നിലവിലുള്ള നിയമപ്രകാരം ഇപ്രകാരമുള്ള സീനിയർ ഗ്രേഡ് പ്രൊമോഷൻ അനുവദനീയമല്ല.

ഗതാഗതരംഗത്തെ പരിഷ്ക്കാരം

105 (459) ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെക്കാണുന്ന ചോദ്യ ങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗതാഗതരംഗം പരിഷ്ക്കരിക്കാനും കാലോചി തമാക്കുവാനും ജനസംഖ്യാവർദ്ധനവിനനുരോധ്യമായി വികസിപ്പിക്കാനുമുത കുന്ന എന്തെങ്കിലും പദ്ധതികൾ സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം വ്യക്തമാക്കുമോ;

(ബി) പരമ്പരാഗത ഗതാഗത സംവിധാനത്തിനുപുറമെ മറ്റേതെങ്കിലും സംവിധാനം ഏർപ്പെടുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഗതാഗതരംഗത്തെ കാലോചിതമാക്കുവാനും പരിഷ്ക്കരിക്കുന്ന തിനും വേണ്ടിയുള്ള നടപടികളുടെ ഭാഗമായി മോട്ടോർ വാഹന വകുപ്പ് കമ്പ്യൂട്ടർവത്ക്കരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. പൊതു ജനങ്ങൾക്ക് സേവനങ്ങൾ ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്ന തിന് കമ്പ്യൂട്ടർവത്ക്കരണം സഹായിക്കും. നവീകരണ സംരംഭങ്ങളുടെ ഭാഗ മായി ഡ്രൈവിംഗ് ലൈസൻസുകളും രജിസ്ട്രേഷൻ ബുക്കുകളും ആധുനിക രീതി സാങ്കേതികവിദ്യ ഉപയോഗിച്ച് കാർഡുകളിലാക്കി നൽകുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. ജനസംഖ്യാവർദ്ധനവിന് ആനുപാതികമായി കൂടുതൽ ഓഫീസുകൾ തുറന്ന് കഴിയുന്നത്ര സേവനം ജനങ്ങൾക്ക് ലഭ്യമാ ക്കുവാൻ വകുപ്പ് ശ്രമിക്കുന്നുണ്ട്.

(ബി) ചില സംരംഭങ്ങൾ പരിഗണനയിലുണ്ട്.

മോട്ടോർ വാഹന വകുപ്പിന്റെ പ്രവർത്തനം

106 (460) ശ്രീ. തമ്പാനൂർ രവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മോട്ടോർ വാഹന വകുപ്പിന്റെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly